കെ. ററി. ഡി. സി. മാനേജിംഗ് ഡയറക്ടർ

737. [1225] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ററി. ഡി. സി. മാനേജിംഗ് ഡയറക്ടർ ആയി നിയമിക്കപ്പെട്ടിരിക്കുന്ന ശ്രീ. ടി. ററി. ജോർജിന് 'വിനോദ' സഞ്ചാരത്തെക്കുറിച്ചും ഭരണനിർവ്വഹണത്തെക്കുറിച്ചും പ്രത്യേക വിദ്യാഭ്യാസ യോഗ്യതയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. ടി. ററി. ജോർജിന് സിവിൽ എഞ്ചിനീയറിംഗിൽ മാസ്റ്റർ ബിരുദം ഉണ്ട്. അദ്ദേഹം സർക്കാർ സർവ്വീസിൽ 34½ വർഷം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇതിൽ മൂന്നുവർഷം ചീഫ് എഞ്ചിനീയർ എന്ന നിലയിൽ അദ്ദേഹം തന്റെ ഭരണ നൈപുണ്യം തെളിയിച്ചിട്ടുണ്ട്. ഇതുകൂടാതെ എഞ്ചിനീയറിംഗിൽ ഇംഗ്ലണ്ടിൽ ഒരു വർഷത്തെ ഉപരി പരിശീലനവും നേടിയിട്ടുണ്ട്. അദ്ദേഹം ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിൽനിന്ന് മാനേജുമെന്റിലും പരിശീലനം നേടിയിട്ടുണ്ട്. വളരെയധികം നിർമ്മാണപ്രവർത്തനങ്ങളും ഉള്ളതുകൊണ്ട് കെ. ററി. ഡി. സി. യെ സംബന്ധിച്ചിടത്തോളം ശ്രീ. ടി. ററി. ജോർജിന്റെ സേവനം വളരെ പ്രയോജനപ്രദമാണ്. ഇതുകൂടാതെ ലോകവിനോദസഞ്ചാരഭൂപടത്തിൽ സ്ഥാനം നേടിയിട്ടുള്ള പതിമൂന്നോളം വിദേശ നഗരങ്ങളിൽ സഞ്ചരിച്ച് വിനോദസഞ്ചാരവികസനത്തെ സംബന്ധിച്ച പ്രായോഗിക പരിജ്ഞാനവും നേടിയിട്ടുണ്ട്.

കെ. ററി. ഡി. സി. യുടെ ഡയറക്ടർ ബോർഡ് പുനഃസംഘടന

738. [1226] ശ്രീ. പി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ററി. ഡി. സി. യുടെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പുനഃസംഘടിപ്പിച്ചത് ;

(സി) ഇതിന്റെ ഡയറക്ടർമാർ ആരെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-2-1986-ൽ

(സി) ശ്രീ. എസ്. നാരായണസ്വാമി (മുൻ അഡീഷണൽ ചീഫ് സെക്രട്ടറി)
,, ആർ. നാരായണൻ (ധന: വകുപ്പു സെക്രട്ടറി)
,, വി. കൃഷ്ണ മൂർത്തി (ആരോഗ്യവകുപ്പു സെക്രട്ടറി)
ശ്രീമതി ജെ. ലളിതാംബിക (ഗവ: സെക്രട്ടറി)
ശ്രീ. ററി. ബാലകൃഷ്ണൻ (ടൂറിസം ഡയറക്ടർ)
,, ജി. മുകുന്ദൻ (മുഖ്യ വനപാലകൻ)
,, ടി. ററി. ജോർജ് (റിട്ട: ചീഫ് എഞ്ചിനീയർ)
(13-10-1986 മുതൽ)

LIBRARY ARCHIVES Kerala Legislative Assembly